**കേരള സർക്കാർ**

**ധനകാര്യ(റൂൾസ്-ബി) വകുപ്പ്**

**നമ്പർ.68/2017/ധന** **തീയതി, തിരുവനന്തപുരം,23/08/2017**

## പരിപത്രം

വിഷയം:-കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികാടിസ്ഥാനത്തിലും നിയമിക്കപ്പെടുന്നവരുടെ ആർജിതാവധി സറണ്ടർ-സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

നിലവിലുള്ള ഉത്തരവുകൾ പ്രകാരം, കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികാടിസ്ഥാനത്തിലും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ കെ.എസ്.ആർ, ഭാഗം I,അനുബന്ധം VIII,ചട്ടം 1 പ്രകാരം ലഭിക്കുന്ന ആർജിത അവധി ഇവർ അപേക്ഷിക്കുന്ന തീയതിയിലെ ക്രഡിറ്റനുസരിച്ച് ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രം സറണ്ടർ ചെയ്യാവുന്നതാണ്.

2.കരാറടിസ്ഥാനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലികാടിസ്ഥാനത്തിലും നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥൻ അതേ സാമ്പത്തിക വർഷം തന്നെ വീണ്ടും നിയമിക്കപ്പെട്ടാൽ കെ.എസ്.ആർ,ഭാഗം I,അനുബന്ധം VIII,ചട്ടം 1 പ്രകാരം ലഭിക്കുന്ന ആർജിതാവധി ഒരു സാമ്പത്തിക വർഷം ഒരു തവണ മാത്രമേ സറണ്ടർ അനുവദനീയമായിട്ടുള്ളൂ എന്ന നിയന്ത്രണം മൂലം രണ്ടാമത്തെ നിയമനത്തിൽ ലഭിക്കുന്ന ആർജിതാവധി സറണ്ടർ ചെയ്യുന്നതിന് സാധിക്കുന്നതല്ല എന്നും ഇത് രണ്ടാമത്തെ

നിയമനത്തിൽ ലഭിക്കുന്ന ആർജിത അവധി നഷ്ടപ്പെടുന്നതിന് ഇടയാക്കുമെന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭംഗത്തോടുകൂടിയുള്ള നിയമനങ്ങളിൽ രണ്ടാമത്തെ നിയമനവും അതേ സാമ്പത്തിക വർഷം തന്നെ പൂർത്തിയാകുന്ന പക്ഷം ട് ജീവനക്കാരന് കെ.എസ്.ആർ,ഭാഗം I,അനുബന്ധം VIII,ചട്ടം 1 പ്രകാരം രണ്ടാമത്തെ നിയമനത്തിൽ ലഭിക്കുന്ന ആർജിത അവധിയിൽ നിന്ന് വിനിയോഗിച്ചിട്ടുള്ളത് കഴിച്ച് ബാക്കി അവധി ഉണ്ടെങ്കിൽ അത് അതേ സാമ്പത്തിക വർഷം വീണ്ടും സറണ്ടർ ചെയ്യുവാൻ അനുമതി നൽകുന്നു.

**ജി.അശോക് കുമാർ**
ധനകാര്യ ജോയിന്റ് സെക്രട്ടറി

പകർപ്പ് :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ് .എസ് .എ)), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ് .എ), കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് തലവൻമാർക്കും ഓഫീസുകൾക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, കെ.പി.എസ്.സി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
ജനറൽ മാനേജർ, കെ.എസ്.ആർ.റ്റി.സി, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള/കൊച്ചി/കോഴിക്കോട്/മഹാത്മാഗാന്ധി/കണ്ണൂർ സർവ്വകലാശാലകൾ (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, ഫിഷറീസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് ആന്റ് അലൈഡ് സയൻസസ്(ആമുഖ കത്തോടുകൂടി)
രജിസ്ട്രാർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, സെൻട്രൽ യൂണിവേഴ്സിറ്റി ഓഫ് കേരള (ആമുഖ കത്തോടുകൂടി).

രജിസ്ട്രാർ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാളം യൂണിവേഴ്സിറ്റി (ആമുഖ കത്തോടുകൂടി).
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി.
സെക്രട്ടറി, തദ്ദേശസ്വയംഭരണ ഓംബുഡ്സ്മാൻ, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്തോടുകൂടി).
സെക്രട്ടറി, കെ.എസ്.ഇ.ബി, തിരുവനന്തപുരം (ആമുഖ കത്തോടുകൂടി).
എല്ലാ ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും, അഡീഷണൽ സെക്രട്ടറിമാർക്കും, ജോയിന്റ് സെക്രട്ടറിമാർക്കും,ഡെപ്യൂട്ടി സെക്രട്ടറിമാർക്കും, അണ്ടർ സെക്രട്ടറിമാർക്കും
ഗവർണ്ണറുടെ സെക്രട്ടറി, രാജ്ഭവൻ.
നിയമസഭാ സ്പീക്കറുടെയും, ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്.
സെക്രട്ടറി, മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
രജിസ്ട്രാർ, ശ്രീ.ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ആമുഖ കത്തോടുകൂടി).
മുഖ്യമന്ത്രിയുടെയും മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷണർ, കേരള, തിരുവനന്തപുരം.
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്തോടുകൂടി).
നോഡൽ ഓഫീസർ, www.finance.kerala.gov.in
വെബ് ആന്റ് ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
(No.E.(492857)RULES-B1/150/2017-FIN).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ